# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കതിരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1552/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 14/11/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കതിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1552/24 തീയ്യതി: 14/11/2024

## കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-09-2023 മുതൽ 18-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2024 | 01-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2024 | 01-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീജ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വരുൺ ദാസ്.വി.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സനിൽ. പി.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. മുന്ന. പി. സദാനന്ദ് | സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീ. സന്തോഷ് കുമാർ. ജി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2023 | 06-08-2023 |
| ശ്രീമതി. സുനിത. കെ.വി | സെക്രട്ടറി | 07-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സന്തോഷ് കുമാർ. ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 10-08-2023 |
| ശ്രീ. നിഷാന്ത്, എം..കെ, ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-08-2023 | 17-09-2023 |
| ശ്രീ. ബിജു. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2023 | 31-03-2024 |
| ശ്രീമതി. ഷാജ. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 15-07-2023 |
| ശ്രീ. ജോയ് വെങ്ങിലാട്ട് , ഓവർസിയർ | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ് | 16-07-2023 | 24-07-2023 |
| ശ്രീ. മുഹമ്മദ് നിയാസ്. കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-07-2023 | 31-03-2024 |
| ശ്രീമതി. ഇർഷാന. എം.പി | കൃഷി ഓഫീസർ | 01-04-2023 | 09-04-2023 |
| ശ്രീമതി. ഫൗസിയ. പി | കൃഷി ഓഫീസർ | 10-04-2023 | 05-06-2023 |
| ശ്രീമതി. ജുനൈദത്ത്. പി | കൃഷി ഓഫീസർ | 06-06-2023 | 31-03-2024 |
| ശ്രീ. പ്രജിത്ത്. ടി.പി | വി.ഇ.ഒ, കതിരൂർ സർക്കിൾ | 01-04-2023 | 13-07-2023 |
| ശ്രീമതി. ലത. എം.വി | വി.ഇ.ഒ, കതിരൂർ സർക്കിൾ, അഡിഷനൽ ചാർജ്ജ് | 14-07-2023 | 20-07-2023 |
| ശ്രീമതി. രസിത. കെ.എം | വി.ഇ.ഒ, കതിരൂർ സർക്കിൾ | 21-07-2023 | 31-03-2024 |
| ശ്രീമതി. ലത. എം.വി | വി.ഇ.ഒ, പൊന്ന്യം സർക്കിൾ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. സഹിന. എ.കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2023 | 08-06-2023 |
| ഡോ. വിനീത ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 09-06-2023 | 31-03-2024 |
| ഡോ. ഷബാന ബീഗം. സി.ഇ.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 28-02-2024 |
| ഡോ. ടീന ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 29-02-2024 | 05-03-2024 |
| ഡോ. ഷിംന. കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 06-03-2024 | 31-03-2024 |
| ഡോ. ദീപാരാജ്. വി.ടി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 07-08-2023 |
| ഡോ. സെബിന. കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 08-08-2023 | 31-03-2024 |
| ഡോ. പി. ഷൈജി | വെറ്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീ. രാജൻ. എം.വി | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ബിന്ദു. എ.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. സുഭാഷ്. കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഇൻകം ഓവർ എക്സ്പെന്റിച്ചർ - മിച്ച തുക കണക്കാക്കിയതിലെ അപാകം | 1-1-1 |
| 3 | ബ്ലോക്ക് വിഹിതം- ചെലവ് തുക പൂർണ്ണമായും അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | മുൻവർഷത്തെ താതതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ബഡ്സ് സ്കൂളിന് വാഹനം വാങ്ങൽ- തുക റവന്യൂ ചെലവായി രേഖപ്പെടുത്തി. | 1-1-7 |
| 9 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി. | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ബാങ്ക് പാസ് ബുക്ക് ബാലൻസ് - റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തൽ പാസ് ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല, | 1-1-10 |
| 12 | മുൻകൂർ നൽകിയ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | തൊഴിൽ നികുതി - രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ഗ്രാമസഭ | 1-10 |
| 24 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു. | 1-11 |
| 25 | വസ്തു നികുതി - നിർണ്ണയിച്ചതിലെ അപാകങ്ങൾ | 1-12 |
| 26 | ടർഫ് കോർട്ടുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയില്ല | 1-13 |

| | | |
|---|---|---|
| 27 | എഫ് ടി ഇ & ഒ എസ് ലൈസൻസ്, മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-14 |
| 28 | വാടക/ലേലം - ബൈലോ തയ്യാറാക്കിയിട്ടില്ല | 1-15 |
| 29 | ഇ-ടെണ്ടർ ഫീസ് - ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല. | 1-16 |
| 30 | ഐ കെ എം ന് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹84528 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 31 | എ.ബി.സി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 32 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.₹64428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 33 | ചടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം-പദ്ധതി പുരോഗതി വിവരം അറിയിക്കേണ്ടതാണ്. | 1-20 |
| 34 | ലാബിൽ എയർ കണ്ടീഷണർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല -₹80000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 35 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - ₹158224 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 36 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- തുക ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. ₹3200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | അങ്കണവാടി പോഷകാഹാരം - രേഖകൾ ലഭ്യമാക്കിയില്ല. ₹205692 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 38 | പൊന്ന്യം നേന്ത്രൻ വാഴയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കൽ - പുരോഗതി വിവരം ലഭ്യമല്ല | 1-25 |
| 39 | തുടർവിദ്യാഭ്യാസ പദ്ധതി - കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 40 | പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി- തുടർവിവരങ്ങൾ ലഭ്യമല്ല | 1-27 |
| 41 | ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ് | 1-28 |
| 42 | മാലിന്യ ശേഖരണ സംസ്കരണം -ഹരിതകർമ്മ സേനയിലൂടെ - അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കതിരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 25.05.2024 തീയതിയിലെ 101/2024 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
14.11.2024

### 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ - മിച്ച തുക കണക്കാക്കിയതിലെ അപാകം

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ച തുക ₹3127169 യഥാർത്ഥ മിച്ച തുക ₹3632953 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ച തുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 143671709 |
| ആകെ ചെലവ് (B) | | 140602586 |
| മിച്ചം തുക C = A-B | | 3069123 |
| Prior Period Income | 310938 | |
| Prior Period Expenditure | -252892 | |

| | | |
|---|---|---|
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | 563830 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | 3632953 |

യഥാർത്ഥ മിച്ച തുകയായ ₹3632953 യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തിട്ടുള്ളത്.

## 1-1-2 ബ്ലോക്ക് വിഹിതം- ചെലവ് തുക പൂർണ്ണമായും അക്കൗണ്ട് ചെയ്തിട്ടില്ല.

സുലേഖ ചെലവ് പത്രിക പ്രകാരം ബ്ലോക്ക് വിഹിതമിനത്തിൽ ₹1964920 ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ഐ 6 ഷെഡ്യൂൾ പ്രകാരം ₹1286905 യാണ് വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്റ്റ് നമ്പർ 80/24 പ്രകാരം ചെലവഴിച്ച ₹513400 യും പ്രൊജക്റ്റ് നമ്പർ 4/24 പ്രകാരം ചെലവഴിച്ച ₹164615 യും വാർഷിക ധനകാര്യപത്രികയിൽ വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപെടുന്നില്ല.

ചുവടെ ചേർത്ത ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| CFC Grant | 1869129 | 1857129 |
| ICDS Grant | 86881 | 85271 |

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6418200 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8722199 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ മേൽ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-6 മുൻവർഷത്തെ താതതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-7 ബഡ്സ് സ്കൂളിന് വാഹനം വാങ്ങൽ- തുക റവന്യൂ ചെലവായി രേഖപെടുത്തി.

2023-24 സാമ്പത്തിക വർഷം എം പി ഫണ്ട് ഉപയോഗിച്ച് ബഡ്സ് സ്കൂളിന് ₹1577179 യുടെ വാഹനം വാങ്ങിയിട്ടുണ്ട് (ഫയൽ നം.401066/FMFM59/GPO/2024/2587). എന്നാൽ ₹750089 മാത്രമാണ് ഈ ഇനത്തിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്. ₹827090 ആസ്തിയായി രേഖപ്പെടുത്തുന്നതിന് പകരം റവന്യൂ ചെലവായി രേഖപ്പെടുത്തി.

## 1-1-8 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി.

1. ഗ്രാമപഞ്ചായത്തിലെ ചടാലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ജലനിധി മുഖേന നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് നമ്പർ 244/24 (ജല സമൃദ്ധഗ്രാമം - ചടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം - ജലനിധിക്ക് തുക കൈമാറൽ) എന്ന പ്രൊജക്റ്റ് പ്രകാരം കരാർ തുകയായ ₹4513500 യിൽ ₹2211000 അഡ്വാൻസായി കേരള ഗ്രാമീണ

ശുദ്ധജല വിതരണ ഏജൻസിയുടെ റീജിയണൽ പ്രൊജക്റ്റ് മാനേജർക്ക് നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുക B-18 ഷെഡ്യൂളിൽ Advance To Implimenting Agencies എന്ന ശീർഷകത്തിലുൾപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് തെറ്റായി റവന്യൂ ശീർഷകത്തിലുൾപ്പെടുത്തി.

2. പ്രൊജക്റ്റ് നമ്പർ 41/24 സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ "ഗ്രാമം - തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ" എന്ന പ്രൊജക്റ്റ് പ്രകാരം ₹64428 കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുക വാർഷിക ധനകാര്യ പത്രികയിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് രേഖപെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം: വസ്തു നികുതി, വാടക എന്നിവ സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-10 ബാങ്ക് പാസ് ബുക്ക് ബാലൻസ് - റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ രേഖപെടുത്തൽ പാസ് ബുക്കിലെ രേഖപെടുത്തലുമായി പൊരുത്തപെടുന്നില്ല,

അക്കൗണ്ട് നമ്പർ 027601000029027- INDIAN OVERSEAS BANK (JALANIDHI) - റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2024 ൽ ബാങ്ക് ബാലൻസായി രേഖപ്പെടുത്തിയ തുക (₹298181) യഥാർത്ഥ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി (₹300248) പൊരുത്തപ്പെടുന്നില്ല. 03.02.2024 ൽ പലിശയിനത്തിൽ ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകയായ ₹2067 രസീത് പുറപ്പെടുവിച്ച് കണക്കിലെടുത്തില്ല.

### 1-1-11 മുൻകൂർ നൽകിയ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം ₹3678771 ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ Advance To Implementing Agencies-Deposit With Kerala Electicity Board എന്നീ ശീർഷകത്തിൽ രേഖപ്പെടുത്തിയ ₹1229056 യുടെ ധനവിനിയോഗ സാക്ഷ്യപത്രം 02.02-2022 ൽ ലഭ്യമായിട്ടുണ്ടെങ്കിലും തുക ക്രമീകരിച്ചിട്ടില്ല. Advance To Others എന്നീ ശീർഷകങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ₹72975 മുൻവർഷങ്ങളിൽ അനുവദിച്ച തുകയാണ്. Advance To Implementing Officers എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ₹157082 യിൽ 2020-21 സാമ്പത്തിക വർഷം അനുവദിച്ച തുകയും ഉൾപ്പെട്ടിട്ടുണ്ട്. അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

### 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-13 തൊഴിൽ നികുതി - രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപെടുന്നില്ല.

തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ ₹792850 യാണ് ഡിമാന്റ്, കളക്ഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1 പ്രകാരം ₹799350 ഡിമാന്റും ഷെഡ്യൂൾ RP-43 പ്രകാരം ₹497800 തൻവർഷ കളക്ഷനും ₹301550 അഡ്വാൻസ് തുകയിൽ നിന്നും തൻവർഷ കളക്ഷൻ തുകയായി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസായി ലഭിച്ച തുകയിൽ ₹6500 തൻവർഷം അധികമായി ക്രമീകരിച്ചിട്ടുണ്ട്.

### 1-2 ബജറ്റ്

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 14.03.2023 തീയതിയിലെ 47/23 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 12.02.2024 ലെ 30/2024 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---:|---:|
| മുന്നിരിപ്പ് | 1,05,14,238 | 1,84,48,110 |
| വരവ് | 74,02,21,251 | 25,04,48,829 |
| ആകെ | 75,07,35,489 | 26,88,96,939 |

| | | |
|---|---|---|
| ചെലവ് | 74,21,42,739 | 26,03,86,695 |
| നീക്കിയിരിപ്പ് | 85,92,750 | 8,51,02,44 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,96,29,435 |
| വരവ് | 6,88,37,677 |
| ആകെ | 8,84,67.112 |
| ചെലവ് | 6,24,19,477 |
| നീക്കിയിരിപ്പ് | 2.60,47,635 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 6,96,072 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 20221000 | 20221000 | 16046365 | 4174635 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 861000 | 861000 | 861000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3161400 | 3161400 | 2229251 | 932149 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 8736650 | 8736650 | 1897335 | 6839315 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 962275 | 3348000+ 139384 (പലിശ) | 4449659 | 3668106 | 781553 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3461712 | 2511000 | 5972712 | 4897136 | 1075576 |
| നാഷണൽ ഹെൽത്ത് മിഷൻ | 500000 | 0 | 500000 | 119608 | 380392 |
| എംജിഎൻആർ ഇജിഎസ് | 31291 | 19853356 | 19884647 | 19881804 | 2843 |
| ഐ സി ഡി എസ് | 380250 | 1585550 | 1965800 | 1880529 | 85271 |
| എം പി ഫണ്ട് | 154012 | 2154424 | 2308436 | 2302298 | 6138 |
| ലൈഫ് സംസ്ഥാന വിഹിതം | 1480000 | 1300000 | 2780000 | 2780000 | 0 |
| സ്വച്ഛ്ഭാരത് അഭിയാൻ | 0 | 487957 | 487957 | 487957 | 0 |
| അവാർഡ് തുക | 797955 | 0 | 797955 | 0 | 797955 |
| ശുചിത്വ മിഷൻ | 9981 | 0 | 9981 | 0 | 9981 |
| സാക്ഷരത | 11978 | 485 | 12463 | 20 | 12443 |
| വിമുക്തി | 33000 | 1017 | 34017 | 1017 | 33000 |
| കുടുംബശ്രീ ഫണ്ട് | 0 | 1250000 | 1250000 | 689622 | 560378 |
| ജലനിധി | 0 | 298181 | 298181 | 0 | 298181 |

| | | | | | |
|---|---|---|---|---|---|
| കെ ഫോൺ- ഫണ്ട് | 0 | 250000 | 250000 | 0 | 250000 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 87040 | 1034246 | 1121286 | 1098416 | 22870 |
| ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് & വെൽനസ്സ് സെന്റർ | 95603 | 431532 | 527135 | 515319 | 11816 |
| ഹെൽത്ത് ഗ്രാന്റ്- ബിൽഡിംഗ് | 0 | 2805500 | 2805500 | 0 | 2805500 |

സുലേഖ ചെലവ് പത്രിക പ്രകാരം ലൈഫ് മിഷൻ സംസ്ഥാന വിഹിതമായി ₹3440000 ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ ₹2780000 ലൈഫ് മിഷൻ ഫണ്ടും ബാക്കി ₹660000 തനത് ഫണ്ടുമാണ്. ലൈഫ് മിഷനിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് അധികമായി ചെലവഴിച്ച ₹660000 തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 209 | 101295105 | 158 | 55970191 | 33 | 51 | 125 | 59.81 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 10 | 4453415 | 1828381 | 41.06 |
| വെറ്റിനറി സർജ്ജൻ1379686ൻ | 4 | 4 | 460950 | 460950 | 100 |
| മെഡിക്കൽഓഫീസർ, എഫ്.എച്ച്.സി | 17 | 16 | 4852825 | 4398875 | 90.65 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 2 | 875000 | 775000 | 88.57 |
| വി.ഇ.ഒ,കതിരൂർ | 11 | 9 | 3155723 | 2430865 | 77.03 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ, പൊന്ന്യം | 10 | 10 | 24835000 | 14056526 | 56.60 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 12 | 6998655 | 4352958 | 62.20 |
| സെക്രട്ടറി | 37 | 27 | 8818996 | 7649773 | 86.74 |
| ഹെഡ് മാസ്റ്റർ | 16 | 14 | 1969426 | 1589591 | 80.71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 64 | 37 | 40034166 | 14863477 | 37.13 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1095000 | 727190 | 66.41 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 14 | 3445949 | 2536605 | 73.61 |
| ആകെ | 209 | 158 | 101295105 | 55970191 | 55.25 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 31291 | 837843+2997 (തിരിച്ചടച്ച തുക) | 872131 | 869288 | 2843 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19012516 | 19012516 | 19012516 | 0 |
| ആകെ | 31291 | 19853356 | 19884647 | 19881804 | 2843 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2101800 | 177 |
| വിധവാ പെൻഷൻ | 12515100 | 1197 |
| വാർദ്ധക്യകാല പെൻഷൻ | 28715100 | 2855 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3866900 | 353 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3953800 | 372 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2024 തീയതിയിൽ 10.50 AM ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1986 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചു കൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 2023-24 വർഷം പ്രത്യേക ഹരിത ഗ്രാമസഭയുൾപ്പെടെ 3 തവണ വീതമാണ് ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളത്. 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതിയുടെ അഡിഷണൽ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി അവലോകനം, 2024-25 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആക്ഷൻ പ്ലാൻ രൂപീകരണം, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് അംഗീകരിക്കൽ, മാലിന്യമുക്ത നവകേരളം, 2024-25 വാർഷിക പദ്ധതി രൂപീകരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും ലഭ്യമായ 9 ബി ഫോറത്തിലെ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. കതിരൂർ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/27.09.2024) മറുപടിയായി നിലവിൽ കതിരൂർ ഗ്രാമപഞ്ചായത്തിൽ എല്ലാ കെട്ടിടങ്ങളുടെയും തറ വിസ്തീർണ്ണം ഉൾപ്പെടെയുള്ള വിവര ശേഖരണം പൂർത്തിയായിട്ടുണ്ടെന്നും ഇവ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്കു നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ സഞ്ചയയിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - നിർണ്ണയിച്ചതിലെ അപാകങ്ങൾ

2023-24 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

എ) കതിരൂർ ഗ്രാമപഞ്ചായത്ത് 19.07.2023 തീയതിയിൽ പുറപ്പെടുവിച്ച 'വസ്തു നികുതി പരിഷ്കരണം - അന്തിമ വിജ്ഞാപന' ത്തിൽ (നമ്പർ എസ്.സി.3-4351/2023), ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് ₹50 യായി നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ താഴെ പറയുന്ന ഒരു നില മാത്രമുള്ള വാണിജ്യ കെട്ടിടത്തിന് മേഖലയുടെ അടിസ്ഥാനത്തിൽ 10 ശതമാനവും മേൽക്കൂരയുടെ അടിസ്ഥാനത്തിൽ 10 ശതമാനവും നികുതിയിൽ ഇളവും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം നികുതി വർദ്ധനവും കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തിൽ രണ്ടാം പാദത്തിൽ നിലവിൽ വന്ന പ്രസ്തുത കെട്ടിടത്തിന് ഈടാക്കേണ്ടിയിരുന്ന നികുതിയിൽ നിന്ന് 5% കുറവ് ചെയ്തിട്ടുണ്ട്.

| കെട്ടിടത്തിന്റെ ഐഡി | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ നികുതി | കെട്ടിടത്തിന് ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 51147010014010 | ബിബിൻ ചുണ്ടങ്ങാപ്പൊയിൽ, നടുമുറ്റം ട്രേഡേഴ്സ്, കുറ്റിയേരിചാൽ, മലാൽ റോഡ്, | XVI/117A | താഴത്തെ നില 58.14 ച.മീ | ₹1588 [58.14x50 = 2907 2907+(2907 X 20/100) – | ₹1672 [ 58.14x50 = 2907 2907+(2907 X 20/100) – |

| | | | | | |
|---|---|---|---|---|---|
| | കതിരൂർ | | | (2907 X 20/100)=2907 276x115/100 = 3343 3343/2=1672 1672–(1672 X 5/100)=1588] | (2907x 20/100)=2907 2907x 115/100=3343 3343/2=1672] |

5% കുറവിൽ നികുതി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/28.09.2024) മറുപടിയായി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുമ്പോൾ താഴത്തെ നില എന്നതിന് പകരം ഒന്നാം നില എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ ആണ് മേൽ കെട്ടിടത്തിന് വസ്തു നികുതിയിൽ 5% ഇളവ് വന്ന പോയിട്ടുള്ളത് എന്നും നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ ഓൺ ആയ സാഹചര്യത്തിൽ തെറ്റ് തിരുത്തി ടി കെട്ടിട ഉടമസ്ഥനിൽ നിന്നും രണ്ടാം അർദ്ധവർഷം മുതൽ ലഭ്യമാകേണ്ടിയിരുന്ന നികുതി ഉൾപ്പടെ ഡിമാൻഡ് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കേണ്ടതും കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി) പുതിയ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിക്കുമ്പോൾ 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ നികുതിയുടെ ആദ്യ ഗഡു അടച്ച രശീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഹാജരാക്കിയാൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് ജി.ഒ. (എം.എസ്) നം.231/2015/തസ്വഭവ തീയതി 09.07.2015 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ചില കെട്ടിടങ്ങളുടെ ഫയലിൽ ഒറ്റത്തവണ നികുതിയുടെ ആദ്യ ഗഡു ഒടുക്കിയ രസീതോ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരിക രേഖയോ ഇല്ല.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഫയൽ നമ്പർ |
|---|---|---|
| XVI/117A | ബിബിൻ ചുണ്ടങ്ങാപ്പൊയിൽ | 12546 |
| XIII/200B | കടന്നപ്പള്ളി പദ്മനാഭൻ | 12427 |
| IX/36A | കൈതേരി പൊനത്തിൽ പ്രമീള | 12408 |
| V/244A | സാബിറ എ പി എം | 12339 |
| XV/202B | റംസീന കെ പി | 12393 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/28.09.2024) മറുപടിയായി കെട്ടിട നമ്പറിങ്ങിനു അപേക്ഷ സമർപ്പിക്കുന്ന എല്ലാ അപേക്ഷകർക്കും പഞ്ചായത്തിൽ നിന്നും വില്ലേജ് ഓഫീസിൽ ഒറ്റത്തവണ നികുതി അടവാക്കി രസീത് ഹാജരാക്കുന്നതിനുള്ള അറിയിപ്പ് നൽകി വരുന്നുണ്ട് എന്നാണ് അറിയിച്ചത്. കൂടാതെ വില്ലേജ് അധികൃതർ എല്ലാ വർഷവും പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരായി ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും പുതുതായി നമ്പർ ലഭ്യമായ എല്ലാ കെട്ടിട ഉടമകൾക്കും അവരുടെ കെട്ടിടങ്ങൾക്ക് ഒറ്റത്തവണ നികുതി അടവാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1–13 ടർഫ് കോർട്ടുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയില്ല

സ.ഉ(പി)നം.25/2023/തസ്വഭവ, 05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് | ഏറ്റവും കൂടിയ നിരക്ക് |
|---|---|---|

| | (രൂപ) | (രൂപ) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ | 25 | 45 |

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കതിരൂർ ഗ്രാമപഞ്ചായത്ത് 19.07.2023 തീയതിയിൽ പുറപ്പെടുവിച്ച 'വസ്തു നികുതി പരിഷ്കരണം – അന്തിമ വിജ്ഞാപന' ത്തിൽ (നമ്പർ എസ്.സി3-4351/2023) ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 01.04.2023 തീയതി പ്രാബല്യത്തിൽ ₹30 യായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കതിരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പുല്യോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന മാറക്കാന എന്ന ടർഫ് കോർട്ടിന് വസ്തു നികുതി ചുമത്തിയിട്ടില്ല. നികുതി ചുമത്താത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/26.09.2024) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ടർഫിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 എഫ് ടി ഇ & ഒ എസ് ലൈസൻസ്, മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ രണ്ടു മേഖലകളിലായി അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ എഫ്.ടി. ഇ.&.ഒ.എസ് ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെയുള്ള തരം ഏതാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള അപേക്ഷകളിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം വ്യക്തമാക്കുന്ന, സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശിപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/26.09.2024) മറുപടിയായി തുടർന്നുള്ള വർഷങ്ങളിൽ വിവരങ്ങൾ രേഖപ്പെടുത്തി ടി അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫീൽഡ്തല പരിശോധന നടത്തുമ്പോൾ മൂലധന നിക്ഷേപം കണക്കാക്കിയത് അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-15 വാടക/ലേലം – ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 പ്രകാരം ഈ നിയമത്തിലെയും, മറ്റേതെങ്കിലും നിയമത്തിലെയും വ്യവസ്ഥകൾക്കും, ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോ ഉണ്ടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടുണ്ടോ എന്നു അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.09.2024), ബൈലോ തയ്യാറാക്കിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. കരട് ബൈലോ തയ്യാറാക്കി അടുത്ത ഭരണസമിതി യോഗത്തിൽ അനുമതി വാങ്ങി സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അംഗീകരിച്ച ബൈലോയുടെ അഭാവത്തിൽ വാടക/ലേലം എന്നിവയുടെ പിഴ, വാടകയിനത്തിലുള്ള വാർഷിക വർദ്ധനവിന്റെ കൃത്യത, വാടക അടയ്ക്കാതിരുന്നാലുള്ള തുടർനടപടികൾ എന്നിവ പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. വാടകക്കാരുമായി ഉണ്ടാക്കിയ കരാറിലും വാടക ഇനത്തിലെ പിഴ പലിശ വ്യക്തമാക്കിയിട്ടില്ല. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില വാടകക്കാരിൽ (ശ്രീ ദാസൻ തച്ചോളി, കെട്ടിട നം.16/94, ശ്രീ സ്വരൂപ് കെ, കെട്ടിട നം.16/93) നിന്നും വാടക വൈകിയതിന് മാസം ഒരു ശതമാനം എന്ന കണക്കിൽ പിഴ ഈടാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാന സ്വരൂപണത്തിലും തുടർനടപടികളിലും നിയമസാധുത ഉറപ്പാക്കാൻ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസ് – ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിങ് വിഭാഗം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട ₹102637 ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭിക്കാനുണ്ടെന്ന് ഇതു സംബന്ധിച്ച്

നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (24/28.09.2024) മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. ലഭ്യമാവാനുള്ള തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2018-19 | 93319 |
| 2 | 2019-20 | 9318 |
| | ആകെ | 102637 |

ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാവാനുള്ള ₹102637 കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഐ കെ എം ന് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹84528 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 31/24 സദ്ഭരണം-ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹84528 – വികസനഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹84528 – ബിൽ നമ്പർ: 92/26.06.2023 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസന ഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹84528 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 28/28.09.2024 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്താൽ ₹84528 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എ.ബി.സി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/ പേര് | 207/24 സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം- എ.ബി.സി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ |
| അടങ്കൽ | ₹100000 – വികസന ഫണ്ട് |
| ചെലവ് | ₹100000 ബിൽ നം: 298/15.12.2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ ജി.ഒ.(ആർ.ടി) 2065/2022/തസ്വഭവ പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 26/28.09.2024 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ₹64428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 41/24 സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ഗ്രാമം-തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ |
| അടങ്കൽ | ₹64428 – തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹64428 – ചെക്ക് നമ്പർ: XY6307213/16.08.2023 |

പഞ്ചായത്തിലെ കമ്പിപ്പാലം മുതൽ സീതപ്പാലം വരെയുള്ള പ്രദേശത്ത് തെരുവ് വിളക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി കോടിയേരി കെഎസ്ഇബി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹64428 കോടിയേരി കെഎസ്ഇബി സെക്ഷന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 27/28.09.2024 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹64428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ചടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം-പദ്ധതി പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/ പേര് | 244/24 ജല സമൃദ്ധഗ്രാമം - ചടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം - ജലനിധിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹2211000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹2211000 – ബിൽ നമ്പർ: 629/27.03.2024 |

ഗ്രാമപഞ്ചായത്തിലെ ചടാലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ജലനിധി മുഖേന നിർമ്മിക്കുന്നതിനായാണ് മേൽ പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ആയത് പ്രകാരം കരാർ തുകയായ ₹4513500 യിൽ ₹2211000 അഡ്വാൻസായി കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസിയുടെ റീജിയണൽ പ്രൊജക്ട് മാനേജർക്ക് നൽകിയിട്ടുണ്ട്. കരാർ കാലാവധി 2024 മാർച്ച് 15 മുതൽ 2025 മെയ് 31 വരെയാണ്. പ്രൊജക്ടിന്റെ പുരോഗതി വിവരം ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ 28/29.09.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതും പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ലാബിൽ എയർ കണ്ടീഷണർ സ്ഥാപിക്കൽ – പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല –₹80000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി കതിരൂർ |
| പ്രോജക്ട് നമ്പർ/പേര് | 223/2024, ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | ₹1021000 – ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹13216 വൗച്ചർ നം: 22300996/16.01.2024<br>₹28971 വൗച്ചർ നം: 22301235/11.03.2024<br>₹99901 വൗച്ചർ നം: 22301234/11.03.2024<br>₹8260 വൗച്ചർ നം: 22301185/05.03.2024<br>₹32715 വൗച്ചർ നം: 22301241/12.03.2024<br>₹80000 വൗച്ചർ നം: 22301316/25.03.2024<br>₹72937 ബിൽ നം: 22301353/29.03.2024<br>₹685000 വൗച്ചർ നം: 22301449/31.03.2024<br>ആകെ: ₹1021000 |

ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്നതിനും രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തുന്നതിനുമായി ലാബിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ ഭാഗമായി ലാബിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനായി തലശ്ശേരി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം: 22301316/25.03.2024 പ്രകാരം ₹80000 പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ 26.06.2024 ലെ 37/24 നമ്പർ കത്തിൽ മേൽ പ്രവൃത്തി നടത്തിയിട്ടില്ലാത്തതിനാൽ ലാബിലേക്ക് വാങ്ങിയ 7 ലക്ഷം രൂപയോളം വില വരുന്ന മെഷീൻ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ലെന്നും കാലതാമസം നേരിടുമ്പോൾ മെഷീന്റെ വാറണ്ടി പിരീഡ് അവസാനിക്കുന്നതിനാൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 4/25.09.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 2024 ലെ ലോകസഭ ഇലക്ഷനുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികളിൽ കാലതാമസം നേരിട്ടിട്ടുണ്ടെന്നും നിലവിൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ₹80000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - ₹158224 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ട് നമ്പർ/ പേര് | 120/24 - ആരോഗ്യ ഗ്രാമം - എൻ ആർ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്കും ഗവ: ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹1,50,000, ബിൽ നമ്പർ: 255/18.11.2023<br>₹1,50,000, ബിൽ നമ്പർ: 563/24.03.2024<br>ആകെ: ₹3,00,000 |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) ലിമിറ്റഡിന് ₹3,00,000 മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ തുക കൈമാറി നാളിതുവരെയായിട്ടും ഇൻവോയ്സ് നമ്പർ LF-309/03.06.2024 പ്രകാരം ₹63503 യുടെ മരുന്നുകളും, ഇൻവോയ്സ് നമ്പർ LF-342/06.06.2024 പ്രകാരം ₹70487 യുടെ മരുന്നുകളും, ഇൻവോയ്സ് നമ്പർ LF-1029/07.09.2024 പ്രകാരം ₹7786 യുടെ മരുന്നുകളും ഉൾപ്പെടെ ആകെ ₹141776 യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. തുക മുൻകൂറായി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/26.09.2024) മറുപടിയായി മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോംകോയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ അധികം വൈകാതെ തന്നെ ലഭ്യമാക്കുമെന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാക്കാത്തതിനാൽ ₹158224 (300000-141776) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- തുക ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. ₹3200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 80/2024, സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹781600 - വികസന ഫണ്ട് - പൊതുവിഭാഗം<br>₹513400 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹150000 - ജില്ല പഞ്ചായത്ത് വിഹിതം<br>ആകെ: ₹1445000 |
| ചെലവ് | ₹628500 – വികസന ഫണ്ട് - പൊതുവിഭാഗം<br>₹513400 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ: ₹1141900 |

| | |
|---|---|
| തുക,ബിൽ നമ്പർ, തീയതി, ഫണ്ട് | ₹455000 ബിൽ നം: 252/10.11.2023, വികസന ഫണ്ട് - പൊതുവിഭാഗം<br>₹97500 ബിൽ നം: 306/19.12.2023, വികസന ഫണ്ട് - പൊതുവിഭാഗം<br>₹76000 ബിൽ നം: 307/19.12.2023, വികസന ഫണ്ട് - പൊതുവിഭാഗം<br>₹400000 ബിൽ നം: 58/29.01.2024, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹113400 ബിൽ നം: 59/14.03.2024, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ: ₹1141900 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2023-24 സാമ്പത്തിക വർഷം ₹1141900 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിദ്യാർത്ഥികൾ അപേക്ഷയോടോപ്പം സമർപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ പകർപ്പിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പറും ബില്ലിൽ രേഖപ്പെടുത്തിയ അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്.

| പേര് | ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള | | ബില്ല് പ്രകാരമുള്ള | | തുക |
|---|---|---|---|---|---|
| | IFSC Code | അക്കൗണ്ട് നം. | IFSC Code | അക്കൗണ്ട് നം. | |
| ദേവാംഗന വി പി | SBIN0070477 | 67137691824 | IDIB000M114 | 6693842218 | 26500 |
| മുഹമ്മദ് ബിൻ ഷുഹൈബ് | KLGB0040651 | 40651101069842 | KLGB0040472 | 40472101019388 | 3200 |

തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്താനാവശ്യമായ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 17/27.09.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ദേവാംഗന വി.പി എന്ന വിദ്യാർത്ഥിയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. മുഹമ്മദ് ബിൻ ഷുഹൈബ് എന്ന വിദ്യാർത്ഥിക്ക് തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്താനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്താൽ ₹3200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 അങ്കണവാടി പോഷകാഹാരം - രേഖകൾ ലഭ്യമാക്കിയില്ല. ₹205692 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/പേര് | 76/2024, ശിശു സൗഹൃദ ഗ്രാമം - അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹596969 - വികസന ഫണ്ട് - പൊതുവിഭാഗം<br>₹963276 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹1877665 - കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ: ₹3437910 |
| ചെലവ് | ₹558311 - വികസന ഫണ്ട് - പൊതുവിഭാഗം<br>₹259210 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹1877665 - കേന്ദ്രാവിഷ്കൃത ഫണ്ട്<br>ആകെ: ₹2695186 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 30 അങ്കണവാടികളിൽ പോഷാകാഹാരം വിതരണം ചെയ്യുന്നതിനായി മേൽ പ്രൊജക്റ്റ് പ്രകാരം ₹2695186 ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

വികസന ഫണ്ടിൽ നിന്നുള്ള ₹558311 യിൽ ഉൾപ്പെട്ട ചെലവിൽ ബിൽ നം.11/21.07.2023 പ്രകാരമുള്ള ₹291428 യിൽ ₹85736 യുടെ വൗച്ചർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. സപ്ലൈകോ സൂപ്പർമാർക്കറ്റ് കതിരൂരിന് നൽകിയ ₹205692 യുടെ ചെലവ് വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 18/27.09.2024 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം സപ്ലൈകോ സൂപ്പർമാർക്കറ്റ് കതിരൂരിന് നൽകിയ ₹205692 യുടെ വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്താൽ ₹205692 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പൊന്ന്യം നേന്ത്രൻ വാഴയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കൽ - പുരോഗതി വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/ പേര് | 201/24, പൊന്ന്യം നേന്ത്രൻ ഭൗമസൂചിക പദവി ലഭ്യമാക്കലും, കർഷകർക്ക് പൊന്ന്യം നേന്ത്രൻ വാഴത്തൈ വിതരണവും |
| അടങ്കൽ | ₹2,25,000 – വികസന ഫണ്ട്(പൊതു വിഭാഗം)<br>₹75,000 – ഗുണഭോക്തൃ വിഹിതം<br>ആകെ: ₹3,00,000 |
| ചെലവ് | ₹75,000 – ഗുണഭോക്തൃ വിഹിതം |

പൊന്ന്യം നേന്ത്രൻ വാഴയ്ക്ക് ഭൗമസൂചിക പദവി ലഭ്യമാക്കലും, കർഷകർക്ക് പൊന്ന്യം നേന്ത്രൻ വാഴത്തൈ വിതരണം ചെയ്യലുമായിരുന്നു മേൽ പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് പ്രകാരം കർഷകർക്ക് വിതരണം ചെയ്യാനായി പൊന്ന്യം നേന്ത്രൻ വാഴത്തൈകൾ കാർഷിക സർവകലാശാല, പീലിക്കോട് സെന്ററിൽ നിന്ന് വാങ്ങിയിട്ടുണ്ടെങ്കിലും പ്രോജക്ടിൽ വിഭാവനം ചെയ്ത ഭൗമസൂചിക പദവി ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (25/28.09.2024) ഭൗമസൂചിക പദവി ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള അനാലിസിസും മറ്റനുബന്ധ റിപ്പോർട്ടുകളും തയ്യാറാക്കി ജിയോമാപ്പിങ്ങിന്റെയും ലോഗോയുടെയും നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതു കൂടി പൂർത്തിയായാൽ ഭൗമസൂചികയുടെ എല്ലാ നടപടികളും പൂർത്തിയാകുന്നതാണെന്നും പ്രൊജക്ട് സ്പിൽ ഓവറായി 2024-25 വർഷം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഭൗമസൂചിക പദവി ലഭ്യമാക്കി പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 തുടർവിദ്യാഭ്യാസ പദ്ധതി - കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ/പേര് | 89/24, ഗുണമേന്മയുള്ള വിദ്യാഭ്യാസം – തുടർവിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹1,00,000 (തനത് ഫണ്ട് ) |
| ചെലവ് | ₹44200, വൗച്ചർ നമ്പർ: 22301461/31.03.2024<br>₹4480, വൗച്ചർ നമ്പർ: 22301436/30.03.2024<br>₹4444, വൗച്ചർ നമ്പർ: 22301461/31.03.2024<br>ആകെ: ₹53124 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ക്രമ നമ്പർ ഒന്നിലെ ബിൽ പ്രകാരം ഹയർ സെക്കന്ററി തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി 17 പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് ₹2600 എന്ന നിരക്കിൽ ₹44200 കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: 57026996123) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുക കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖയും, മേൽ പഠിതാക്കളിൽ എത്ര പേർ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/26.09.2024) രജിസ്റ്റർ ചെയ്ത മുഴുവൻ പഠിതാക്കളും കോഴ്സിൽ തുടരുന്നുണ്ടെന്നും കോഴ്സ് പൂർത്തിയായിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കുകയും മറുപടിയോടൊപ്പം തുക സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഹയർ സെക്കന്ററി തുല്യത നേടിയ പഠിതാക്കളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി- തുടർവിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ/ പേര് | 96/24, ഗുണമേന്മയുള്ള വിദ്യാഭ്യാസം-പത്താമുദയം – സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹200000 (തനത് ഫണ്ട്) |
| ചെലവ് | ₹57350 വൗച്ചർ നമ്പർ: 22301277/20.03.2024 |

മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി 31 പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് ₹1850 എന്ന നിരക്കിൽ ₹57350 കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: 57026996123) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ തുക കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖയും, മേൽ പഠിതാക്കളിൽ എത്ര പേർ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുണ്ട് എന്നും അതിൽ എത്ര പേർ വിജയിച്ചു എന്നുമുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/25.09.2024) രജിസ്റ്റർ ചെയ്ത മുഴുവൻ പഠിതാക്കളും കോഴ്സിൽ തുടരുന്നുണ്ടെന്നും 2024 ഒക്ടോബറിലാണ് പരീക്ഷ എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കുകയും മറുപടിയോടൊപ്പം തുക സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷ എഴുതി റിസൾട്ട് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പത്താംതരം തുല്യത നേടിയ പഠിതാക്കളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 ആസ്തി പരിപാലനം – കാര്യക്ഷമമാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ ഖണ്ഡിക 2-2 ൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

19.04.2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 നമ്പർ ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി മിനുട്സും ആസ്തി സംരക്ഷണ പദ്ധതി രേഖയും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടോ എന്നും, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/20.09.2023) മറുപടി നല്കിയിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-29 മാലിന്യ ശേഖരണ സംസ്കരണം –ഹരിതകർമ്മ സേനയിലൂടെ – അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.
മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് കതിരൂർ ഗ്രാമപഞ്ചായത്തിൽ താഴെപറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് |
|---|---|---|---|---|
| 1 | 16/24 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം - വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | VEO | 4800 |
| 2 | 12/24 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം - ഗാർഹിക റിംഗ് കമ്പോസ്റ്റ് | VEO | 1566021 |
| 3 | 218/24 | ശുചിത്വ മാലിന്യ സംസ്കരണം സംബന്ധിച്ച മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കൽ | VEO | 50000 |
| 4 | 17/24 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ | VEO | 92500 |
| 5 | 14/24 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം - ലൈഫ് ഗുണഭോക്താക്കൾക്ക് കക്കൂസ് | VEO | 431200 |
| 6 | 13/24 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം ഉറസ്സായ കിണർ ശുചിത്വ കിണറാക്കിമാറ്റൽ | VEO | 120000 |
| 7 | 149/24 | ഗാർഹിക റിംഗ് കമ്പോസ്റ്റ് | VEO | 99144 |
| 8 | 239/24 | ഹരിതമിത്രം ആപ്പ് - കെൽട്രോണിന് വിഹിതം നൽകൽ | VEO | 7200 |

കതിരൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ചുള്ള പരിശോധനാ വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. അടിസ്ഥാന വിവരങ്ങൾ:**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന ഹരിതകർമ്മസേനയുടെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡുകളുടെ എണ്ണം | 18 |
| ആകെ വീടുകൾ | 7899 |
| ആകെ വാസേതര കെട്ടിടങ്ങൾ | 422 |

| | |
|---|---|
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 22 |
| കൺസോർഷ്യത്തിലെ വിവിധ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ എണ്ണം | 2<br>1) ഇനോക്കുലം വിതരണം<br>2) LED ബൾബ് വിതരണം സർവീസ് |
| കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ 31.3.2024 ലെ നീക്കിയിരിപ്പ്<br>CANARA BANK KATHIROOR (A/C No. 110080377152) | 940561 |
| ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന പ്രതിമാസ പരമാവധി വേതനം | 28000 |
| ഫീസ് പിരിവിനായി വീടുകൾ/സ്ഥാപനങ്ങൾ സന്ദർശിക്കുന്ന സമയക്രമം | പ്രതിമാസം |

**2. ഹരിത കർമ്മസേനയുടെ വരുമാനവും ചെലവും:**

| വർഷം | വരുമാനം | | ചെലവ് |
|---|---|---|---|
| | യൂസർഫീ | സെഗ്രഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | വേതനം |
| 2023-24 | 6807528 | 431289 | 331400 |

**3. എം.സി.എഫ്:**

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി വാർഡ് - 16 ൽ കുറ്റേരിച്ചാൽ എന്ന സ്ഥലത്ത് കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിലാണ് എം.സി.എഫ് ഒരുക്കിയിട്ടുള്ളത്. വലിയ വാഹനങ്ങൾക്കുള്ള പ്രവേശന സൗകര്യം ഉണ്ട്. കൂടാതെ വാർഡ് തലത്തിൽ 35 മിനി എം.സി.എഫും പഞ്ചായത്തിൽ നിലവിലുണ്ട്. 22 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് എംസിഎഫിൽ എത്തിക്കുന്നു, വാർഡുകളിലെ മിനി MCF ൽ നിന്നുള്ള മാലിന്യം കൃത്യമായ ഇടവേളകളിൽ MCF ലേക്ക് എത്തിക്കുന്നു. പ്ലാസ്റ്റിക്കിന്റെ അളവ് കൂടുതലായതിനാൽ, 90% ഏരിയയും മാലിന്യം കൈകാര്യം ചെയ്യുന്നതിനായി ഉപയോഗിക്കുന്നു, കൂടാതെ രണ്ടാഴ്ച കഴിഞ്ഞാൽ MCF ൽ നിന്നുള്ള പാഴ്‌വസ്തുക്കൾ നീക്കം ചെയ്യുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ 7 ഇനങ്ങളിലായി തരംതിരിച്ച് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയുണ്ട്, കൂടാതെ ഗംബൂട്ട് ഹെൽമറ്റ്, തൊപ്പി, മാസ്ക്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നുണ്ട്. നിലവിൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥയില്ല. എന്നാൽ, ചില വാർഡുകളിൽ സൗകര്യമില്ലായ്മ കാരണം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിലും അതാത് സമയം മെമ്പർമാരും ഉദ്യോഗസ്ഥരും ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. വീടുകളിൽ നിന്നു തന്നെ മാലിന്യങ്ങൾ പ്രാരംഭതലത്തിൽ തരം തിരിക്കുന്നു. തുടർന്ന് എം.സി.എഫിലെത്തിച്ച് വിശദമായി തരം തിരിച്ച് റിജക്ടട് വേസ്റ്റ്, വിൽപ്പന നടത്താൻ സാധിക്കുന്നവ എന്നീ തരത്തിൽ മാറ്റി വിൽപ്പന നടത്താൻ പറ്റുന്നവ ഹരിതകർമ്മസേന തന്നെ വിൽപ്പന നടത്തുന്നുണ്ട്.

ഹരിത കർമ്മസേനയ്ക്ക് പ്രവർത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കി നൽകിയിട്ടുണ്ട്. ഓരോ മാസവും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ അതത് മാസം സെഗ്രിഗേറ്റ് ചെയ്യപ്പെടുന്നുണ്ട്. വീടുകളിൽ നിന്ന് ₹50 നിരക്കിലും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ₹100 നിരക്കിലും യൂസർ ഫീ ഈടാക്കി ഹരിതകർമ്മസേന മാലിന്യശേഖരണം നടത്തുന്നു. പിരിച്ചെടുക്കുന്ന യൂസർ ഫീ മുഴുവനായി ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേയ്ക്ക് അടവാക്കുകയാണ് ചെയ്യുന്നത്. മാലിന്യ ശേഖരണത്തിനുള്ള വാഹനങ്ങളുടെ ഗതാഗതച്ചെലവ് പഞ്ചായത്ത് വഹിക്കുന്നു. മുൻവർഷങ്ങളിലെ അപേക്ഷിച്ച് മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേന വില്പന നടത്തുന്നത് വഴി ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

**4. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ:**

2024-25 വാർഷിക പദ്ധതിയിൽ, പഞ്ചായത്ത് പരിധിയിൽ വരുന്ന ആശ്രയ അതിദരിദ്ര കുടുംബങ്ങളെ യൂസർഫീയിൽ നിന്നും ഒഴിവാക്കുന്നതിന് ഒരു പ്രോജക്ട് നിലവിലുണ്ട്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർഫി ലഭ്യമാക്കുന്നതിനായി ഹരിതകർമ്മസേനയും ഉദ്യോഗസ്ഥരും ബോധവൽക്കരണവും നിയമ നടപടികളും നടത്തുന്നു. മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്, കൂടാതെ കൃത്യമായ ഇടവേളയിൽ ശേഖരണം നടത്തുന്നതിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ, 100% ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നുണ്ട്. പാതയോരങ്ങൾ, പൊതു ഇടങ്ങളിൽ നിന്നുള്ള ലെഗസി

മാലിന്യങ്ങൾ 100% ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരുന്നുണ്ട്. എല്ലാ വാർഡുകളിലും ശുചിത്വ ഗ്രാമസഭകൾ നടത്തുകയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. VGF ആവശ്യമായി വന്നിട്ടില്ല. പഞ്ചായത്ത് സ്വന്തമായി വാഹന സൗകര്യവും ഡ്രൈവിങ്ങ് പരിശീലനവും ഒരുക്കിയിട്ടുണ്ട്.

2023-24 വർഷത്തിൽ വാതിൽപ്പടി ശേഖരണവുമായി ബന്ധപ്പെട്ട് 246 നോട്ടീസുകൾ നൽകിയിട്ടുണ്ട്, ഇതിൽ ₹66450 ഈടാക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളിയതിന് 6 നോട്ടീസുകൾ നൽകി ₹15500 ഈടാക്കിയിട്ടുണ്ട്. മാലിന്യം ജലാശയത്തിൽ തള്ളിയ വകയിൽ ₹10000 ഈടാക്കിയിട്ടുണ്ട്. മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്തതിന് 18 നോട്ടീസുകൾ നൽകി ₹38000 ഈടാക്കിയിട്ടുണ്ട്. ഒറ്റതവണ ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിച്ചതിന് 3 നോട്ടീസുകൾ നൽകി ₹9000 ഈടാക്കിയിട്ടുണ്ട്. വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 19 സന്ദർശനങ്ങളിൽ നിന്നായി ₹1000 ഈടാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനക്കാർക്ക് ശരാശരി മാസവരുമാനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതിന് വേണ്ടി മാസത്തിൽ ഒരു തവണ പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും ചേർന്ന് വിലയിരുത്തൽ യോഗം നടത്തുന്നു. ഹരിതമിത്രം യൂസർഫി കളക്ഷൻ ലഭിക്കാത്ത വീടുകളിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തുകയും 100% യൂസർഫീ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പൊതുപരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ എന്നിവിടങ്ങളിൽ ഹരിതകർമ്മസേന സന്ദർശിക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ, മാലിന്യം കൃത്യസമയത്ത് നീക്കം ചെയ്യുകയും അധികം യൂസർഫീ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 2022-23, 2023-24 വർഷങ്ങളിലായി ഹരിതകർമ്മസേനക്കാർക്ക് ക്ലീൻ കേരള കമ്പനി മുഖേന 3 ദിവസത്തെ ബ്ലോക്ക്തല പരിശീലനം ലഭിച്ചിട്ടുണ്ട്, സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പരിശീലനങ്ങളും നൽകപ്പെട്ടിട്ടുണ്ട്. ഫസ്റ്റ് എയ്ഡ് സംബന്ധിച്ച് FHC യിൽ പരിശീലനം നൽകിയിട്ടുണ്ട്, കൂടാതെ ഫയർ ആൻഡ് സേഫ്റ്റി സംബന്ധിച്ച് സ്റ്റേഷൻ ഓഫീസർ മുഖേന പരിശീലനം ലഭിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ LSGD ഭരണസമിതി മാസത്തിൽ ഒരുതവണ അവലോകന യോഗം ചേരുന്നു; കൂടാതെ ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ദിവസവും മോണിറ്റർ ചെയ്യപ്പെടുന്നു.

**5. മാലിന്യ ശേഖരണ കാര്യക്ഷമത:**

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 7515 വീടുകളും 410 മറ്റ് കെട്ടിടങ്ങളുമാണ് ഉള്ളത്. ഹരിതമിത്രം ആപ്പ് പഞ്ചായത്തിൽ പ്രവർത്തനസജ്ജമാണ്. മാലിന്യശേഖരണത്തിനായി ഹരിതകർമ്മസേനയെ 2 ക്ലസ്റ്ററാക്കി തിരിച്ചിട്ടുണ്ട്. രണ്ട് പേരടങ്ങുന്ന 5 ടീമുകൾ വിവിധ വീടുകളിൽ നിന്നും കെട്ടിടങ്ങളിൽ നിന്നുമായി യൂസർ ഫീ പിരിച്ച് മാലിന്യങ്ങൾ ശേഖരിച്ച് ഹരിതകർമ്മസേനയുടെ വാഹനത്തിൽ M.C.F. ൽ എത്തിച്ച് തരം തിരിച്ച് കൈമാറുകയാണ് ചെയ്യുന്നത്. ഒരു ദിവസം ഏകദേശം 250 വീടുകളിൽനിന്ന് മാലിന്യം ശേഖരിക്കാൻ ഹരിതകർമ്മസേനയ്ക്ക് സാധിക്കുന്നുണ്ട്. 22 പേരടങ്ങുന്ന ഹരിത കർമ്മസനയിലെ അംഗങ്ങൾക്ക് മാസത്തിൽ 26 ദിവസമോ അധികമോ ജോലി ലഭിക്കുന്നുണ്ട്

**6. പരിശീലനം-നൈപുണ്യ വികസനം:**

ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുന്ന പദ്ധതികൾ വിവിധ കാലയളവിൽ നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി വിളംബര പദയാത്ര, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനെതിരെ വിവിധ വ്യാപാരി വ്യവസായികളുടെ യോഗം, ഗൃഹസന്ദർശനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**7. ഓഡിറ്റ് നിർദ്ദേശങ്ങൾ:**

1. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166 (1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
2. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമ്മ സേനയ്ക്ക് പരിശീനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.
3. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണ മേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.
4. മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ

ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

ഹരിതകർമ്മസേന മാലിന്യസംസ്കരണം മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തിനുള്ളിൽ പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിവിധ സംരംഭങ്ങൾ കതിരൂർ ഗ്രാമ പഞ്ചായത്ത് ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ ഉപയോക്തൃ ഫീസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിലവിലുള്ള പദ്ധതി സാമൂഹിക സമത്വത്തോടുള്ള പ്രതിബദ്ധത പ്രകടമാക്കുന്നു. ക്ലീൻ കേരള കമ്പനിയുമായുള്ള സഹകരണം ചിട്ടയായ മാലിന്യ ശേഖരണവും വേർതിരിക്കലും ഉറപ്പാക്കി, ചില വെല്ലുവിളികൾ അഭിമുഖീകരിച്ചിട്ടും 100% ഉറവിട വേർതിരിക്കൽ നിരക്ക് കൈവരിച്ചിട്ടുള്ളത് പ്രശംസനീയമാണ്. പതിവ് ബോധവൽക്കരണ പരിപാടികളും കമ്മ്യൂണിറ്റി ഇടപഴകലും താമസക്കാർക്കിടയിൽ ശുചിത്വത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും സംസ്കാരം വളർത്തിയെടുത്തു. വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിനൊപ്പം അംഗങ്ങൾക്ക് നൽകുന്ന സമഗ്ര പരിശീലനവും പാരിസ്ഥിതിക ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച സജീവമായ സമീപനത്തെ എടുത്തുകാണിക്കുന്നു. കൂടാതെ, ഉപയോക്തൃ ഫീസ് ശേഖരണത്തിന്റെ സ്ഥിരമായ നിരീക്ഷണവും വാർഡ് അംഗങ്ങളുടെ ഗാർഹിക സന്ദർശനങ്ങളിലെ സജീവമായ ഇടപെടലും ഉത്തരവാദിത്തത്തിനും കാര്യക്ഷമതയ്ക്കും വേണ്ടിയുള്ള ശക്തമായ ചട്ടക്കൂടിനെ പ്രതിഫലിപ്പിക്കുന്നു. മൊത്തത്തിൽ, ഹരിതകർമ്മസേനയുടെ ശ്രമങ്ങൾ സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതോടൊപ്പം വൃത്തിയുള്ളതും ഹരിതവുമായ അന്തരീക്ഷം കൈവരിക്കുന്നതിനുള്ള ഗണ്യമായ പുരോഗതിയെ സൂചിപ്പിക്കുന്നു. ഭാവിയിൽ ഈ നല്ല ഫലങ്ങൾ നിലനിർത്തുന്നതിന് എല്ലാവരിൽ നിന്നുമുള്ള തുടർച്ചയായ പിന്തുണയും ഇടപെടലും അത്യന്താപേക്ഷിതമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 19.09.2024, 20.09.2024 | കെ.എസ്.എ/കെ,എൻ.ആർ/സി111/ 1552/2024. തീയതിঃ 14.11.2024 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് നമ്പർ/പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 197500 | 25/24 ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം | 197500 | 0 |
| | 513400 | 80/24, സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 513400 | 0 |
| | 904020 | 4/24 ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവന മാർഗ്ഗമുള്ളതുമായ ഗ്രാമം - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 904020 | 0 |
| | 200000 | 11/24, ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം - | 200000 | 0 |

| | | | | |
|---|---|---|---|---|
| | | ലൈഫ് - അതിദരിദ്രർക്ക് ഭൂമി വാങ്ങലും ഭവന നിർമ്മാണവും | | |
| | 150000 | 42/24, ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവന മാർഗ്ഗമുള്ളതുമായ ഗ്രാമം - പാലിന് സബ്സിഡി | 150000 | 0 |
| ആകെ | 1964920 | | 1964920 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 226853 | 25/24 ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം | 226853 | 0 |
| | 1700000 | 4/24 ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവന മാർഗ്ഗമുള്ളതുമായ ഗ്രാമം - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 1700000 | 0 |
| | 75000 | 42/24, ദാരിദ്ര്യരഹിതവും ഉയർന്ന ഉപജീവന മാർഗ്ഗമുള്ളതുമായ ഗ്രാമം - പാലിന് സബ്സിഡി | 75000 | 0 |
| ആകെ | 2001853 | | 2001853 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/ ബിൽ/ വൗച്ചർ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ (പ്രൊജക്ട് നമ്പർ 41/24,) | ചെക്ക് നമ്പർ XY6307213/ 16.08.2023 | 64428 | 0 | 64428 |
| ജലനിധി | ചാടാലപ്പുഴ ട്രീറ്റ്മെൻറ് പ്ലാന്റ് നിർമ്മാണം - ജലനിധിക്ക് തുക കൈമാറൽ (പ്രൊജക്ട് നമ്പർ 41/24,) | ബിൽ നമ്പർ 629/ 27.03.2024 | 2211000 | 0 | 2211000 |
| ഭൂജല വകുപ്പ് | ബഡ്സ് സ്പെഷ്യൽ സ്കൂളിൽ മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും (പ്രൊജക്ട് നമ്പർ 250/24) | വൗച്ചർ നമ്പർ 22301377/ 29.03.2024 | 155000 | 127921 | 27079 * |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സെക്ഷൻ, തലശ്ശേരി | ലാബിൽ എ.സി സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ 223/24, ഹെൽത്ത് ഗ്രാന്റ് എന്ന പ്രോജക്ടിൽ ഉൾപ്പെട്ടത്). | ബിൽ നമ്പർ 22301316 / 25.03.2024 | 80000 | 0 | 80000 |
| ആകെ | | | 2510428 | 127921 | 2382507 |

* ബാലൻസ് തുക ₹27079 ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചു.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹3500000 വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി HUDCO | ലഭ്യമല്ല | 3500000 | 0 | 3500000 | 27899 (Go.പ്രൊജക്ട് പ്രകാരം കുറവ് ചെയ്തു) | 0 | 3472101 |

പലിശയിനത്തിൽ ലഭിച്ച ₹4718 വരവായും ബാങ്ക് ചാർജ്ജായ ₹77 ചെലവായും ഉൾപ്പെടുത്തിയാണ് വാർഷിക ധനകാര്യപത്രിക ബി-5 ഷെഡ്യൂളിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായി ₹3476742 രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2000-01 | 3-7 | 2003-04 | 03.13.17 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2006-07 | | 2009-10 | 2-3 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2013-14, 2014-15 | 2-3 2-4 | 2016-17 | ഖ.2 | സ്ഥാപന തൊഴിൽ നികുതി മണപ്പുറം ഫൈനാൻസിയേഴ്സ് - ഇംഗ്ലീഷ് മീഡിയം | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | സ്കൂൾ | |
| 2015-16 | 2-3 | 2016-17 | ഖ.2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2019-20 | 1-32<br>1-34<br>1-35 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,88,37,677 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,24,19,477 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 696072 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-17 | 84528 | ശ്രീമതി. മുന്ന.പി. സദാനന്ദ്, സെക്രട്ടറി |
| 1-18 | 100000 | ശ്രീമതി.സുനിത. കെ.വി, സെക്രട്ടറി |
| 1-19 | 64428 | ശ്രീമതി.സുനിത. കെ.വി, സെക്രട്ടറി |
| 1-21 | 80000 | ഡോ.വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-22 | 158224 | ഡോ. ഷിംന കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-23 | 3200 | ശ്രീമതി. ബിന്ദു. എ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 205692 | ശ്രീമതി. ബിന്ദു. എ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 696072 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി. മുന്ന. പി. സദാനന്ദ്, സെക്രട്ടറി | സെക്രട്ടറി, കൂത്തുപറമ്പ ബ്ലോക്ക് പഞ്ചായത്ത് | രാഘവ നിവാസ്, കൊട്ടയോടി, പത്തായക്കുന്ന്(പി.ഒ), കണ്ണൂർ, 670691 |
| ശ്രീമതി. സുനിത. കെ.വി, സെക്രട്ടറി | സെക്രട്ടറി, താന്നിയം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല | വടമന, അയ്യപ്പൻകാവ് റോഡ്, വെള്ളൂർ, തൃശ്ശൂർ ജില്ല |
| ഡോ. വിനീത ജനാർദ്ദനൻ,മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി കതിരൂർ | അഞ്ജലി, കോട്ടയംപൊയിൽ പിഒ, 670691 |
| ഡോ. ഷിംന.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, കതിരൂർ | നന്ദനം, പണ്ടാരത്തുംകണ്ടി ടെമ്പിൾ സമീപം, വലിയപറമ്പ്, അഴീക്കോട്.പി.ഒ, കണ്ണൂർ, 670009 |
| ശ്രീമതി. ബിന്ദു. എ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ, ചിറ്റാരിപ്പറമ്പ ഗ്രാമപഞ്ചായത്ത് | സൗപർണിക, കാളാന്തോട്, നടുവനാട്പി.ഒ, കണ്ണൂർ-670702 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 5 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 2 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 1 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി9/ 1356/2022 തീയതി: 03.11.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.9/ 621/21 തീയതി 10.12.2021 | 15 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.9/ 547/21 തീയതി 30.08.2022 | 35 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.9/ 1638/22 തീയതി 13.02.2023 | 31 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി.9/ 205/2024 തീയതി 13.02.2023 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 101/2024 dated 25-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kadirur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kadirur Grama Panchayat as on 31-03-2024

**Date: 14/11/2024**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kadirur Grama Panchayat for the Year 2023-2024 .

**1.Major Observations**

NIL

**2.Other Observations**

1. Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure statement

2. Utilized Block Panchayat share not taken into account

3. CFC Grant, ICDS Grant- amount shown as liability in Balance sheet does not match with Bank account opened for the specified grant account.

4. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

5. Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit.

6. Comparitive amounts for the preceding year, prescribed in 2011 kerala panchayat raj accounting rules not recorded.

7. Amount used for asset creation wrongly booked as Revenue Expenditure

8. Deposit Amount booked in wrong Account head

9. Lapses in making timely and accurate demand entries in respect of tax and non tax revenue

10. INDIAN OVERSEASBANK (JALANIDHI) Account( 027601000029027)- Bank book balance shown in bank reconciliation statement not tally with actual bank statement as on 31-3-24

11. No mechanism to review and adjust advance allotted in time.

12. Asset register is not updated.

13. Profession Tax (Traders) demand, Collection shown in Annual Financial Statement mismatch with the amount shown in Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

| Kadirur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No. | Description of Items | Schedule No. | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 19629435.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1546140.00 |
| 130000000 | Rental income from Panchayat Properties | RP-3 | 10500.00 |
| 140000000 | Fees & User Charges | RP-4 | 10587917.00 |
| 150000000 | Sale & Hire Charges | RP-5 | 43451.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14289300.00 |
| 171000000 | Interest Earned | RP-9 | 136223.00 |
| 190000000 | Prior Period Income | RP-11 | 159104.00 |
| 311000000 | Earmarked Funds | RP-28 | 21269.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19058289.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18364948.00 |
| 460000000 | Loans, Advances and Deposits | RP-49 | 12000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 5838.00 |
| 330000000 | Secured Loans | RP-31 | 3504718.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 149143.00 |
| 350000000 | Other Liabilities | RP-35 | 948837.00 |
| | **Grand total** | | **88467112.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 162851.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 35828.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 750089.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8037359.00 |
| 460000000 | Loans, Advances and Deposits | RP-49 | 1965375.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 77.00 |
| 340000000 | Deposits Received | RP-33 | 172069.00 |
| 350000000 | Other Liabilities | RP-35 | 51295829.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 26047635.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **88467112.00** |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | **Kadirur Grama Panchayat**<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2023 to 31-March-2024 | | |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8809337.00 |

| | | | |
|---|---|---|---|
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 513543.00 |
| 140000000 | Fee & User Charges | I-4 | 11003644.00 |
| 150000000 | Sale & Hire Charges | I-5 | 46712.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123156412.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 136223.00 |
| 180000000 | Other Income | I-9 | 5838.00 |
| | **Total Income** | | **143671709.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14974959.00 |
| 220000000 | Administrative Expenses | I-11 | 1495659.00 |
| 230000000 | Operations & Maintenance | I-12 | 1546408.00 |
| 240000000 | Interest & Finance Charges | I-13 | 209186.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3262856.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35735660.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2312004.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19012516.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 51212700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1661055.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9179583.00 |
| | **Total Expenditure** | | **140602586.00** |
| | **Gross Surplus / Deficit of income over Expenditure Before Prior Period Items** | | **3069123.00** |
| | **Gross Surplus / Deficit of income over Expenditure** | | **3127169.00** |
| 190000000 | Prior Period Income | I-19 | 310938.00 |
| 290000000 | Prior Period Expenses | I-18 | -252892.00 |
| | **Net Difference I-19 - I-18** | | **563830.00** |
| | **Gross Surplus/Deficit of income over Expenditure After Prior Period Items** | | **3632953.00** |
| | **Net Balance being Surplus/Deficit carried over to Balance Sheet (Panchayat Fund)** | | **3632953.00** |

## അനുബന്ധം 3-3

## BALANCE SHEET

| Kadirur Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2024 | | | |
| Code.No. | Description of Items | Schedule No. | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 38449072.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 435281.00 |
| 312000000 | Reserves | B-3 | 61826270.00 |
| | **Total Reserve & Surplus** | | **100710623.00** |

| | | | |
|---|---|---|---|
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6844978.00 |
| | **Total Grants, Contributions for Specific Purposes** | | **6844978.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3476742.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3476742.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 610199.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1851229.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2461428.00** |
| | **TOTAL LIABILITIES** | | **113493771.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2300882.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 6338197.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6497166.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 140364509.00 |
| 416000000 | Accumulated Depreciation | B-11(a) | -80020228.00 |
| | **Total Fixed Assets** | | **75480526.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 168249.00 |
| 431000000 | Sundry Debtors (Receivables) | B-15 | 8118590.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26047635.00 |
| 460000000 | Loans, Advances and Deposits | B-18 | 3678771.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **38013245.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |

| | | | |
|---|---|---|---|
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **113493771.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ